# കില
## വാർത്താപത്രിക

VOLUME-8
ISSUE-3
MARCH 2015

kila@kilaonline.org | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kilaonline.org





വണ്ടൂർ നിയോജകമണ്ഡലത്തിലെ സമഗ്രവികസനശിൽപ്പശാല കിലയിൽ
പട്ടികജാതിക്ഷേമ-ടൂറിസം വകുപ്പുമന്ത്രി **എ.പി. അനിൽകുമാർ** ഉദ്ഘാടനം ചെയ്യുന്നു

# 91 നിയോജകമണ്ഡലങ്ങളിൽ സമഗ്രവികസനശിൽപശാല പൂർത്തിയായി

**കില**യുടെ നേതൃത്വത്തിൽ എം.എൽ.എ മാരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള നിയോജകമണ്ഡലം സമഗ്രവികസന ശിൽപ്പശാല 91 മണ്ഡലങ്ങളിൽ പൂർത്തിയായി.എം.എൽ. എമാരെ ഒഴിച്ചുനിർത്തിക്കൊണ്ടുള്ള പ്രാദേശികവികസനം സാദ്ധ്യമല്ലെന്ന കാഴ്ച്ചപ്പാടിൽനിന്നാണ് ഈ നൂതനാശയം രൂപം കൊണ്ടത്. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, ധനകാര്യ മന്ത്രി കെ.എം.മാണി, പഞ്ചായയത്ത് സാമൂഹ്യക്ഷേമവകുപ്പുമന്ത്രി ഡോ.എം.കെ.മുനീർ, മന്ത്രിമാരായ കെ.സി ജോസഫ്,തിരുവഞ്ചൂർ രാധാകൃഷ്ണൻ, എ.പി. അനിൽകുമാർ, ആര്യാടൻ മുഹമ്മദ്, പി.കെ.അബ്ദുറബ്ബ്, മഞ്ഞളാംകുഴി അലി, സി.എൻ. ബാലകൃഷ്ണൻ, പി.കെ. ജയലക്ഷ്മി തുടങ്ങിയ മന്ത്രിമാരും പ്രതിപക്ഷ ഉപനേതാവ് കോടിയേരി ബാലകൃഷ്ണൻ ഉൾപ്പെടെയുള്ള വിവിധ കക്ഷിനേതാക്കളുമാണ് ഇതുവരെയുള്ള ശിൽപ്പശാലയിൽ പങ്കെടുത്തത്.എം.എൽ.എ ക്കു പുറമെ മണ്ഡലാതിർത്തിയിലുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർ, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, ജില്ലാപഞ്ചയാത്ത് മെമ്പർമാർ, നിർവഹണ ഉദ്യോഗസ്ഥർ എന്നിവരാണ് ഒരു ദിവസം മുഴുവൻ നീണ്ടുനിൽക്കുന്ന ശിൽപ്പശാലയിൽ പങ്കെടുക്കുന്നത്.മണ്ഡലത്തെ ഒരു യൂണിറ്റായി കണക്കാക്കി വിവിധ വികസനപദ്ധതികൾ ഏകോപിപ്പിക്കാനും അതിനു നേതൃത്വം നൽകാനും എം.എൽ.എ ക്കു മാത്രമേ കഴിയൂവെന്ന് കില ഡയറക്ടർ ഡോ.പി.പി.ബാലൻ പറഞ്ഞു.ഉദ്യോഗസ്ഥ തടസ്സം ഒഴിവാക്കാനും നിയമക്കുരുക്കുകളഴിക്കാനും എം.എൽ.എയുടെ സാനിദ്ധ്യം സഹായിക്കുന്നു.

കിലയിൽ നടക്കുന്ന ശിൽപ്പശാലയിൽ പ്രധാനമായും ഗ്രൂപ്പ് ചർച്ചയാണ്.കൃഷി, മൃഗസംരക്ഷണം. ക്ഷീരവികസനം, വിദ്യാഭ്യാസം, യുവജനക്ഷേമം, ആരോഗ്യം, ശുചിത്വം, സാമൂഹ്യക്ഷേമം, പശ്ചാത്തലവികസനം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട ഗ്രൂപ്പ് ചർച്ചകൾക്കുശേഷം പൊതുചർച്ചയുമുണ്ടാകും. ചർച്ചകൾക്ക് എം.എൽ.എയാണ് മറുപടി പറയുക. കിലയിലെ ശിൽപ്പശാലയ്ക്കുശേഷം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സ്റ്റിയറിംഗ്കമ്മിറ്റിയുടെയും വിപുലമായ വർക്കിംഗ്ഗ്രൂപ്പിന്റെയും രൂപീകരണമാണ്. വർക്കിംഗ്ഗ്രൂപ്പ് തയ്യാറാക്കുന്ന കരട് വികസനറിപ്പോർട്ട് സമ്പൂർണമാക്കാനും അംഗീകരിക്കാനും മണ്ഡലത്തിൽ വിപുലമായ വികസനസെമിനാർ സംഘടിപ്പിക്കും.




സൻസദ് ആദർശ് ഗ്രാമയോജനപ്രകാരം തെരഞ്ഞെടുത്ത പല്ലശ്ശന ഗ്രാമപഞ്ചായത്തിലെ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും രാഷ്ട്രീയ-സാമൂഹ്യപ്രവർത്തകരുടേയും സംയുക്തയോഗം കിലയിൽ **പി.കെ.ബിജു** എം.പി. ഉദ്ഘാടനം ചെയ്യുന്നു

# ശാസ്ത്രപുരോഗതി ഗ്രാമങ്ങളിലെത്തിക്കണം: പി.കെ.ബിജു എം.പി

രാജ്യത്തിന്റെ ശാസ്ത്രപുരോഗതി ഗ്രാമങ്ങളിലെത്തിക്കണമെന്ന് പി.കെ.ബിജു എം.പി. പറഞ്ഞു. സൻസദ് ആദർശ് ഗ്രാമയോജനപ്രകാരം എം.പി. തെരഞ്ഞെടുത്ത പല്ലശ്ശന ഗ്രാമപഞ്ചായത്തിലെ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും രാഷ്ട്രീയ-സാമൂഹ്യപ്രവർത്തകരുടേയും സംയുക്തയോഗം കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഗ്രാമീണസംസ്കാരവും തനിമയും പാരമ്പര്യവും നിലനിർത്തണം. 33 പാടശേഖരസമിതികൾ പ്രവർത്തിക്കുന്ന പഞ്ചായത്തിൽ കൃഷിക്കുതന്നെയാണ് പ്രാധാന്യം നൽകേണ്ടത്. സമ്പൂർണ സാക്ഷരതയുടെ കാര്യത്തിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച പഞ്ചായത്തിൽ ഐ.ടി. വിദ്യാഭ്യാസത്തിനു ഊന്നൽ നൽകണം. എല്ലാവീടുകളിലും ഇന്റർനെറ്റ് സൗകര്യമെത്തിക്കണം. പരിസരശുചീകരണത്തിലൂടെ മാത്രമേ ഡെങ്കിപ്പനി, എലിപ്പനി, മഞ്ഞപ്പിത്തം തുടങ്ങിയ മാരകരോഗങ്ങൾ തടയാനാകൂ. 251 യൂണിറ്റുകളിലായി 3844 കുടുംബശ്രീ പ്രവർത്തകർ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. വികസനപ്രവർത്തനങ്ങളിൽ അവരുടെ സേവനവും ഉപയോഗപ്പെടുത്തണം. പദ്ധതിയുടെ വിജയത്തിനു രാഷ്ട്രീയ-മത പരിഗണന കൂടാതെ എല്ലാവരും കൂട്ടായി പ്രവർത്തിക്കണമെന്നും എം.പി.നിർദ്ദേശിച്ചു.

കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷത വഹിച്ചു. കില അസോസിയേറ്റ് പ്രൊഫ. ഡോ.പീറ്റർ എം.രാജ് ആമുഖപ്രഭാഷണം നടത്തി.ഡോ.എബി ജോർജ്, പി.വി.രാമകൃഷ്ണൻ എന്നിവർ സംസാരിച്ചു.ഓരോ പാർലമെന്റ് മണ്ഡലത്തിലും എം.പി. മാർ തെരഞ്ഞെടുക്കുന്ന ഗ്രാമപഞ്ചായത്തുകളിലാണ് പദ്ധതി നടപ്പാക്കുന്നത്.തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിൽ അടിസ്ഥാനപരമായ സാമൂഹ്യ-സാമ്പത്തിക സർവെ നടത്തി പ്രശ്നങ്ങൾ അപഗ്രഥിക്കുകയാണ് ആദ്യം ചെയ്യുന്നത്. കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളിലൂടെ ലഭിക്കുന്ന ഫണ്ട്, എം.എൽ.എ-എം.പി. ഫണ്ട്, പഞ്ചായത്തകളുടെ പ്ലാൻ ഫണ്ട് എന്നിവ ഉപയോഗിച്ചാണ് സമഗ്ര വികസനപദ്ധതിക്കു രൂപം നൽകുന്നത്. ഇതിലൂടെ പഞ്ചായത്തിനെ മാതൃകാപഞ്ചായത്താക്കി മാറ്റും. ഗ്രാമീണറോഡുകളുടെ വികസനം, ആരോഗ്യ- വിദ്യാഭ്യാസരംഗത്തെ ഗുണമേന്മ വർദ്ധിപ്പിക്കൽ, തൊഴിൽ സംരഭങ്ങൾ തുടങ്ങിയവയെല്ലാം പദ്ധതിയുടെ ഭാഗമായിരിക്കും.

# പൊതുജനങ്ങൾക്കുള്ള ഗ്രാമപഞ്ചായത്ത് സേവനങ്ങളെക്കുറിച്ച് കില വിലയിരുത്തുന്നു

പഞ്ചായത്തുകളിൽനിന്ന് പൊതുജനങ്ങൾക്കു നൽകുന്ന സേവനങ്ങളെക്കുറിച്ച് വിലയിരുത്താൻ കില പഠനസംഘത്തെ അയക്കുന്നു. സേവനാവകാശനിയമങ്ങളെക്കുറിച്ച് പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, ജൂനിയർ സൂപ്രണ്ട് എന്നീവിഭാഗങ്ങളിൽ പെട്ട 2602 പേർക്കു 66 ബാച്ചുകളിലായി കില നടത്തിയ പരിശീലനപരിപാടിയുടെ അവലോകനം കൂടിയാണിതെന്ന് കില ഡയറക്ടർ ഡോ.പി.പി.ബാലൻ പറഞ്ഞു. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 25 ഗ്രാമപഞ്ചായത്തുകളിൽ മാർച്ച് 10 നു തുടങ്ങുന്ന അവലോകനം പത്തുദിവസം കൊണ്ടു പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

വ്യവസായം തുടങ്ങുന്നതിനുള്ള ലൈസൻസ്, ജനനമരണ രജിസ്ട്രേഷൻ തിരുത്തലുകൾ, വിവാഹ രജിസ്ട്രേഷൻ, കെട്ടിടങ്ങൾക്കു നമ്പർ നൽകൽ, കെട്ടിടനിർമ്മാണത്തിനുള്ള അനുമതി, കെട്ടിടനിർമ്മാണത്തിനുള്ള എൻ.ഒ.സി തുടങ്ങിയ സേവനങ്ങളെക്കുറിച്ചായിരിക്കും പരിശോധിക്കുക. ഇതിനു പ്രത്യേക ചോദ്യാവലി തയ്യാറാക്കിയിട്ടുണ്ട്. സേവനം ലഭിച്ചവരേയും സേവനത്തിനുവേണ്ടി അപേക്ഷിച്ചവരേയും കണ്ട്, അഭിമുഖം നടത്തി അവരുടെ അഭിപ്രായങ്ങൾ ശേഖരിക്കും. തൃശ്ശൂർ ജില്ലയിൽ കാട്ടാകാമ്പൽ, വരന്തരപ്പിള്ളി പഞ്ചായത്തുകളെയാണ് പരിശോധനയ്ക്കു തെരഞ്ഞെടുത്തിട്ടുള്ളത്. പഞ്ചായത്തുകളിൽനിന്ന് വിരമിച്ച പരിചയസമ്പന്നരായ ഉദ്യോഗസ്ഥർ, സന്നദ്ധസംഘടനാപ്രവർത്തകർ, കിലയിലെ ഇന്റേൺഷിപ്പിൽ പങ്കെടുത്ത വിദ്യാർത്ഥികൾ എന്നിവരായിരിക്കും വിലയിരുത്തൽ സംഘത്തിൽ ഉണ്ടാകുക. പരിശോധനയുടെ വിശദാംശങ്ങൾ ചർച്ച ചെയ്യാൻ ഇവർക്കു സംഘടിപ്പിച്ച ഏകദിന ശിൽപ്പശാല കോഴ്സ് ഡയറക്ടർ ഡോ. പീറ്റർ എം. രാജ് ഉദ്ഘാടനം ചെയ്തു. കോർഡിനേറ്റർ പി.കെ ജയദേവൻ, ട്രെയിനിംഗ് അസോസിയേറ്റ് ഗീതാഞ്ജലി, കുക്കു പ്രകാശ് എന്നിവർ നേതൃത്വം നൽകി. പഞ്ചായത്തുകളിലെ അവശേഷിക്കുന്ന എല്ലാ ജീവനക്കാർക്കും ഏപ്രിൽ 20 മുതൽ രണ്ടാംഘട്ട പരിശീലനം തുടങ്ങും.




സൻസദ് ആദർശ് ഗ്രാമയോജന പദ്ധതിയുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച താന്ന്യം ഗ്രാമപഞ്ചായത്തിലെ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും രാഷ്ട്രീയ-സാമൂഹ്യ-സന്നദ്ധപ്രവർത്തകരുടേയും സംയുക്തയോഗം **സി.എൻ.ജയദേവൻ** എം.പി. ഉദ്ഘാടനം ചെയ്യുന്നു

## സൻസദ് ആദർശ് ഗ്രാമയോജന പദ്ധതി മുമ്പേ തുടങ്ങേണ്ടതായിരുന്നു: സി.എൻ. ജയദേവൻ എം.പി.

**സൻസദ് ആദർശ് ഗ്രാമയോജന പദ്ധതി** മുമ്പേ തുടങ്ങേണ്ടതായിരുന്നുവെന്ന് സി.എൻ. ജയദേവൻ എം.പി. അഭിപ്രായപ്പെട്ടു. വൈകിയാണെങ്കിലും പ്രധാനമന്ത്രിയുടെ പ്രഖ്യാപനത്തെ സ്വാഗതം ചെയ്യുകയാണെന്നും അദ്ദേഹം പറഞ്ഞു. പദ്ധതിപ്രകാരം എം.പി. തെരഞ്ഞെടുത്ത താന്ന്യം പഞ്ചായത്തിലെ ജനപ്രതിനിധികളുടേയും നിർവഹണ ഉദ്യോഗസ്ഥരുടേയും വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടേയും സാമൂഹ്യസന്നദ്ധസംഘടനാപ്രവർത്തകരുടേയും സംയുക്തയോഗം കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ പഞ്ചായത്തുകളെ മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി പ്രഖ്യാപിച്ചതെങ്കിലും നമുക്കനുയോജ്യമായ വിധത്തിൽ അതു പ്രയോജനപ്പെടുത്താൻ കഴിയണം. കോഴ്സ് ഡയറക്ടർ ഡോ.പീറ്റർ എം.രാജ് ആമുഖപ്രഭാഷണം നടത്തി. കില അസി.പ്രൊഫ.ഇംതിയാസ് അലി, താന്ന്യം പഞ്ചായത്ത് പ്രസിഡന്റ് പ്രേമലത, പ്രോജക്ട് ഓഫീസർ ജോസഫ്, കോർഡിനേററർ പി. വി. രാമകൃഷ്ണൻ എന്നിവർ സംസാരിച്ചു. ഓരോ പാർലമെന്റ് മെമ്പർമാരും തെരഞ്ഞെടുക്കുന്ന ഗ്രാമപഞ്ചായത്തുകളിലാണ് പദ്ധതി നടപ്പാക്കുക. തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിൽ അടിസ്ഥാനപരമായ സാമൂഹ്യ-സാമ്പത്തിക സർവെ നടത്തി പ്രശ്നങ്ങൾ അപഗ്രഥിക്കുകയാണ് ആദ്യം ചെയ്യുന്നത്. കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളിലൂടെ ലഭിക്കുന്ന ഫണ്ട്, എം.എൽ.എ-എം.പി. ഫണ്ട്, പഞ്ചായത്തകളുടെ പ്ലാൻ ഫണ്ട് എന്നിവ ഉപയോഗിച്ചാണ് സമഗ്ര വികസനപദ്ധതിക്കു രൂപം നൽകുന്നത്. ഇതിലൂടെ പഞ്ചായത്തിനെ മാതൃകാപഞ്ചായത്താക്കി മാറ്റും.

## തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കുള്ള സാമ്പത്തിക സഹായം വെട്ടിക്കുറയ്ക്കരുത്

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് സർക്കാരിൽനിന്ന് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തിക സഹായങ്ങൾ യാതൊരു കാരണവശാലും വെട്ടിക്കുറയ്ക്കരുതെന്ന് ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്ത് അസോസിയേഷനുകളുടേയും മുനിസിപ്പൽ ചെയർമെൻസ് ചേംബറിന്റെയും ഭാരവാഹികൾ അഞ്ചാം ധനകാര്യകമ്മീഷനോടാവശ്യപ്പെട്ടു.സബ്സിഡികൾ ഏകീകരിക്കണമെന്നും സമാന്തര പദ്ധതികൾ നടപ്പിലാക്കുന്നതു അവസാനിപ്പിക്കണമെന്നും അവർ നിർദ്ദേശിച്ചു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ധനസ്ഥിതി പരിശോധിക്കുന്ന ധനകാര്യ കമ്മീഷൻ കിലയിൽ സംഘടിപ്പിച്ച ശിൽപ്പശാലയിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു അവർ. അതേസമയം വിഭവസമാഹരണത്തിനു സംസ്ഥാനസർക്കാരിനെ ആശ്രയിക്കുന്ന സ്ഥിതിക്കു തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മാറ്റം വരുത്തണമെന്ന് അഞ്ചാം ധനകാര്യ കമ്മീഷന്റെ കരടു ശുപാർശയിൽ പറയുന്നു. നികുതി നകുതിയേതര ഇനങ്ങളുടെ നിരക്ക് പുതുക്കിയും കൃത്യമായ നികുതി പിരിവിലൂടേയും ഇതിനു പരിഹാരം കണ്ടെത്തണം. പുതിയ നികുതിയും നികുതിയേതര വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുകയും വേണം. തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണവും നടത്തിപ്പും ഒട്ടും തൃപ്തികരമല്ലെന്നാണ് കമ്മീഷന്റെ നിഗമനം. വികേന്ദ്രീ കൃതാസൂത്രണം രണ്ടു പതിറ്റാണ്ട് പിന്നിട്ടിട്ടും സ്ഥിതിയിൽ കാര്യമായ മാറ്റമുണ്ടായിട്ടില്ല. പൗരസംബന്ധമായ കർത്തവ്യം നിർവഹിക്കുന്നതിനു കാര്യമായ പ്രാധാന്യം നൽകുന്നില്ലെന്നാണ് കമ്മീഷന്റെ കണ്ടെത്തൽ. അതിവേഗം നടന്നുകൊണ്ടിരിക്കുന്ന നഗരവൽക്കരണം മൂലം നഗരസഭകളുടേയും കോർപ്പറേഷനുകളുടേയും പൗരസംബന്ധമായ ഉത്തരവാദിത്വങ്ങൾ വർദ്ധിച്ചുവരുന്നു. ആയതിനാൽ സ്ഥാപനങ്ങൾക്ക് കൂടുതൽ നികുതി വിഹിതവും ഗ്രാന്റും നൽകേണ്ടതു ണ്ടോയെന്നും കമ്മീഷൻ പരിശോധിക്കുന്നുണ്ട്.

ഇക്കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും അഭിപ്രായരൂപീകരണത്തിനുമായി കിലയിൽ സംഘടിപ്പിച്ച ഏകദിന ശിൽപ്പശാല കമ്മീഷൻ ചെയർമാൻ ഡോ.ബി.എ. പ്രകാശ് ഉദ്ഘാടനം ചെയ്തു. കമ്മിഷൻ സെക്രട്ടറി ഇ.കെ. പ്രകാശ്, ജോ.സെക്രട്ടറി ടി.കെ സോമൻ എന്നിവർ സംസാരിച്ചു. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി സൂപ്പി നരിക്കാട്ടേരി, ജില്ലാ പഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് കെ.എൽ. പൗലോസ്, സെക്രട്ടറി സുഹ്റ മമ്പാട്, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് അഡ്വ. മണികണ്ഠൻ, കോർപ്പറേഷൻ പ്രസിഡന്റുമാർ, ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, കിലയിലെ പ്രൊഫസർമാർ തുടങ്ങിയവരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്.




കുന്നംകുളം നിയോജകമണ്ഡലത്തിലെ സമഗ്രവികസന ശിൽപ്പശാല കിലയിൽ **ബാബു.എം.പാലിശ്ശേരി** എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

# മാരകരോഗങ്ങൾ തടയുന്നതിനു നടപടി വേണം: ബാബു എം.പാലിശ്ശേരി എം.എൽ.എ

**കാൻസർ**പോലെയുള്ള മാരകരോഗങ്ങൾ തടയുന്നതിനു സത്വര നടപടികൾ സ്വീകരിക്കണമെന്ന് ബാബു എം. പാലിശ്ശേരി എം.എൽ.എ ആവശ്യപ്പെട്ടു. കുന്നംകുളം നിയോജക മണ്ഡലത്തിലെ സമഗ്രവികസന ശിൽപ്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഗുരുവായൂരിൽനിന്ന് തിരുവനന്തപുരത്തേക്കു പോകുന്ന ട്രെയിനിൽ ടിക്കറ്റ് റിസർവേഷൻ ചെയ്ത 80 ശതമാനം പേരും തിരുവനന്തപുരത്തെ റീജിണൽ കാൻസർ സെന്ററിലേക്കു ചികിത്സയ്ക്കു പോകുന്നവരാണ്. കിഡ്നി സംബന്ധമായ രോഗങ്ങളും കൂടിവരികയാണ്. വിഷാംശം കലർന്ന പച്ചക്കറികളുടെ ഉപയോഗം ഇതിനൊരു കാരണമാണ്. ജൈവ കൃഷിരീതി സ്വീകരിച്ച് ഇതിനെ നമുക്കു നേരിടാൻ കഴിയണം. മാലിന്യവും കുടിവെള്ളപ്രശ്നവും പരിഹരക്കാൻ ഒരുമിച്ച് പദ്ധതികൾ ആവിഷ്ക്കരിക്കണം.ജനപ്രതിനിധികളുടെ കാലാവധി തീരാറായെങ്കിലും ഇന്നു തുടങ്ങിവയ്ക്കുന്ന വികസനപ്രവർത്തനങ്ങൾ ഭാവിയിൽ ഗുണം ചെയ്യും. തെരഞ്ഞെടുക്കപ്പെട്ടുകഴിഞ്ഞാൽ എല്ലാവരുടേയും ജനപ്രതിനിധികളാണെന്ന കാര്യം ഓർമ്മ വേണം. കക്ഷിരാഷ്ട്രീയത്തിനതീതമായിട്ടാണ് പ്രവർത്തിക്കേണ്ടത്. നാട്ടിൽ എന്തുപ്രശ്നമുണ്ടായാലും അതിനെ ഒന്നിച്ചു നേരിടാൻ നാം സന്നദ്ധമാകണമെന്നും എം.എൽ.എ അഭ്യർത്ഥിച്ചു. കില ഡയറക്ടർ ഡോ.പി.പി.ബാലൻ, അസോസിയേറ്റ് പ്രൊഫ.ഡോ.പീറ്റർ എം. രാജ്, അസി.ഡയറക്ടർ കെ.എം.സലിം ട്രെയിനിംഗ് അസോസിയേറ്റ് റീമ എന്നിവർ സംസാരിച്ചു. കുന്നംകുളം നഗരസഭ ചെയർമാൻ വി.കെ.ഉണ്ണികൃഷ്ണനു പുറമെ ബ്ലോക്ക് പഞ്ചായത്തുകളായ വടക്കാഞ്ചേരി, ചൊവ്വന്നൂർ, ഗ്രാമപഞ്ചായത്തുകളായ കടവല്ലൂർ, കടങ്ങോട്, പോർക്കുളം, ചൊവ്വന്നൂർ, എരുമപ്പെട്ടി, വേലൂർ, കാട്ടാകാമ്പൽ എന്നിവിടങ്ങളിലെ പ്രസിഡന്റുമാർ, സ്റ്റാൻഡിംഗ് കമ്മിററി ചെയർപേഴ്സൺമാർ, വിവിധ വകുപ്പുകളിലെ നിർവഹണ ഉദ്യോഗസ്ഥർ, മണ്ഡലാതിർത്തിയിൽപ്പെട്ട ജില്ലാപഞ്ചായത്ത് മെമ്പർമാർ എന്നിവരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്



കുന്നംകുളം മണ്ഡലത്തിലെ ശിൽപ്പശാലയിൽ പങ്കെടുത്ത ജനപ്രതിനിധികളും ഉദ്യോഗസ്ഥരും

# നഗരസഭകളിലെ വൈസ്ചെയർമാൻമാർക്ക് ഏകദിനശിൽപ്പശാല

ധനകാര്യമാനേജ്മെന്റിനെക്കുറിച്ചും ബഡ്ജറ്റിനെക്കുറിച്ചും നഗരസഭകളിലെ വൈസ്ചെയർമാൻമാർക്കുള്ള ഏകദിന ശിൽപ്പശാല കിലയിൽ കില ഡയറക്ടർ ഡോ.പി.പി.ബാലൻ ഉദ്ഘാടനം ചെയ്തു. അസോസിയേറ്റ് പ്രൊഫ.ഡോ.സണ്ണി ജോർജ് അദ്ധ്യക്ഷനായിരുന്നു. ധനകാര്യവകുപ്പു സ്പെഷൽ സെക്രട്ടറി ഇ.കെ.പ്രകാശ് വിഷയാവതരണം നടത്തി. കോർഡിനേറ്റർ കെ.വി.ഗോവിന്ദൻ സംസാരിച്ചു.ബഡ്ജറ്റിനെക്കുറിച്ചും എക്കൗണ്ടിംഗിനെക്കുറിച്ചും അച്ചുതനുണ്ണിയും സോഫ്റ്റ് വെയറിനെക്കുറിച്ച് ബഷീറും ക്ലാസ്സെടുത്തു.കൊല്ലം, തൃശ്ശൂർ കോർപ്പറേഷനുകളിലേയും കൊയിലാണ്ടി, കാഞ്ഞങ്ങാട്, തലശ്ശേരി, കൂത്തുപറമ്പ്, മട്ടന്നൂർ, ചാവക്കാട്, നെയ്യാറ്റിൻകര, വൈക്കം, തൃപ്പൂണിത്തുറ, ഇരിഞ്ഞാലക്കുട, ഷൊർണ്ണൂർ, കോതമംഗലം തുടങ്ങിയ നഗരസഭകളിലേയും വൈസ് ചെയർമാൻമാരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്.




അരൂർ നിയോജകമണ്ഡലത്തിലെ സമഗ്രവികസന ശിൽപ്പശാല കിലയിൽ
**എ.എം.ആരീഫ്** എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

# അരൂർ മണ്ഡലം വികസനശിൽപ്പശാല ഉദ്ഘാടനം ചെയ്തു

**അ**രൂർ നിയോജകമണ്ഡലത്തിലെ സമഗ്ര വികസന ശിൽപ്പശാല കിലയിൽ എ.എം. ആരിഫ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷനായിരുന്നു. കോഴ്സ് ഡയറക്ടർ ഡോ. പീറ്റർ എം.രാജ് ആമുഖപ്രഭാഷണം നടത്തി. കില അസി. ഡയറക്ടർ കെ.എം. സലിം സംസാരിച്ചു. അരൂർ നിയോജകമണ്ഡലാതിർത്തിയിൽ പെട്ട വിവിധ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, നിർവഹണ ഉദ്യോഗസ്ഥർ, ജില്ലാ പഞ്ചായത്ത് മെമ്പർമാർ തുടങ്ങിയവരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്.

ഉദ്ഘാടനത്തിനുശേഷം. കൃഷി, മൃഗസംരക്ഷണം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങി ആറു ഗ്രൂപ്പുകളായി തിരിഞ്ഞ് ഗ്രൂപ്പു ചർച്ചയും തുടർന്ന് പൊതുചർച്ചയുമുണ്ടായി. ചർച്ചകൾ ക്രോഡീകരിച്ച് എം.എൽ.എ സംസാരിച്ചു.



ശിൽപ്പശാലയിൽ പങ്കെടുത്ത ജനപ്രതിനിധികളും ഉദ്യോഗസ്ഥരും

## വികസനത്തിലൂടെ വണ്ടൂരിന്റെ പ്രതാപം വീണ്ടെടുക്കണം: മന്ത്രി അനിൽകുമാർ

**സ**മഗ്രവികസനത്തിലൂടെ വണ്ടൂരിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കാൻ കഴിയണമെന്ന് പട്ടികജാതിക്ഷേമ-ടൂറിസം വകുപ്പുമന്ത്രി എ.പി. അനിൽകുമാർ അഭിപ്രായപ്പെട്ടു. വണ്ടൂർ നിയോജകമണ്ഡലത്തിലെ സമഗ്രവികസനശിൽപ്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നേരത്തെ നിലമ്പൂരിനേക്കാൾ പ്രാധാന്യം വണ്ടൂരിനായിരുന്നു. പല കാരണങ്ങളാൽ ആ പദവി നഷ്ടപ്പെടുകയായിരുന്നു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കു തെരഞ്ഞെടുപ്പു ആസന്നമായ സാഹചര്യത്തിൽ വികസനകാര്യത്തിൽ ആരും താൽപര്യക്കുറവു കാണിക്കേണ്ട കാര്യമില്ല.വികസനത്തിന്റെ കാര്യത്തിൽ രാഷ്ട്രീയപ്രവർത്തകരായ നാം മാതൃകാപ്രവർത്തനം നടത്തേണ്ടവരാണ്. തെരഞ്ഞെടുപ്പു മായി ഇതിനെ കൂട്ടിക്കുഴ്ക്കരുതെന്നും മന്ത്രി പറഞ്ഞു. കില ഡയറക്ടർ ഡോ.പി.പി. ബാലൻ അദ്ധ്യക്ഷത വഹിച്ചു. കോഴ്സ് ഡയറക്ടർ ഡോ.പീറ്റർ എം. രാജ്, കില അസി.ഡയറക്ടർ കെ. എം. സലിം, ട്രെയിനിംഗ് അസോസിയേറ്റ് റീമ അഖിൽ എന്നിവർ സംസാരിച്ചു. ചൊക്കാട്, കാളികാവ്, കരുവാരക്കുണ്ട്, മാമ്പാട്, പൊറൂർ, തിരുവാളി, തുവൂർ, വണ്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, വണ്ടൂർ,കാളികാവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാപഞ്ചായത്ത് മെമ്പർ ഖാലിദ് മാസ്ററർ, എന്നിവർക്കു പുറമെ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, വിവിധ വകുപ്പുകളിലെ നിർവഹണ ഉദ്യോഗസ്ഥർ എന്നിവരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്. ഉദ്ഘാടനത്തിനുശേഷം കൃഷി,അനുബന്ധവ്യവസായങ്ങൾ, മൃഗസംരക്ഷണം, ആരോഗ്യം, പശ്ചാത്തലവികസനം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ഗ്രൂപ്പു ചർച്ചയും തുടർന്ന് പൊതു ചർച്ചയുമുണ്ടായി.

## ചോദിക്കൂ പറയാം

? ഗ്രാമപഞ്ചായത്തിലെ ഗ്രാമകേന്ദ്രം(സേവാഗ്രാം) സ്ഥാപിക്കാൻ ആരോഗ്യകേന്ദ്രങ്ങളുടേയും സ്കൂളുകളുടേയും ഒഴിഞ്ഞുകിടക്കുന്ന ഭാഗങ്ങൾ ഉപയോഗപ്പെടുത്താൻ പഞ്ചായത്ത് തീരുമാനമെടുത്തിരിക്കുന്നു. മററ് ഡിപ്പാർട്ടുമെന്റ് സ്ഥാപനങ്ങളുടെ സ്ഥലത്ത് ഇത്തരം പ്രവർത്തികൾ ചെയ്യാൻ പഞ്ചായത്തിനെ ആരാണ് ചുമതലപ്പെടുത്തിയത്? അതിനു അവർക്കവകാശമുണ്ടോ?

● 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ 166,167 വകുപ്പുകൾ പ്രകാരവും സ.ഉ (എം.എസ്) 189/95 ത സ്വ ഭ വ തീയതി.18.9.1995 ഉത്തരവുപ്രകാരവും പ്രാദേശികമായ പല സ്ഥാപനങ്ങളും തദ്ദേശസ്വയംഭരണസ്ഥാപനത്തിനു വിട്ടുനൽകിയിട്ടുള്ളതാണ്. മേൽ ഉത്തരവിലെ ഏഴാം ഖണ്ഡികയിൽ സർക്കാരിന്റെ അധികാരങ്ങളും ചുമതലകളും പദ്ധതികളും ഫലപ്രദമായി നടപ്പാക്കുന്നതിനു സർക്കാർ വകുപ്പുകൾ അവയ്ക്കു ഓഫീസ് സൗകര്യമുൾപ്പെടെയുള്ള ഭരണപരമായ എല്ലാ കര്യങ്ങളും സാങ്കേതികമായ ഉപദേശങ്ങളും നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ അവരുടെ പ്രവർത്തനത്തിനു തടസ്സം വരാത്ത രീതിയിൽ സർക്കാർ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള സൗകര്യം ചെയ്യാവുന്നതാണ്.

? ഭിന്നശേഷിയുള്ള കുട്ടികൾക്കു ട്രൈസൈക്കിൾ/ സ്കൂട്ടർ വിത്ത് സൈഡ് വീൽ എന്നീ പദ്ധതികൾ നടപ്പാക്കാമെന്ന് 18.8.2012 ലെ സ.ഉ.(എം.സ്)225/2012 തസ്വഭവ.തീയതി.16.11.2013 ഉത്തരവിൽ സ്കൂട്ടർ വിത്ത് സൈഡ് വീൽ നൽകാൻ വ്യവസ്ഥയില്ല. പഴയ ഉത്തരവുപ്രകാരം പദ്ധതി രൂപീകരിച്ചവർ എന്തുചെയ്യും?

● ടി വ്യവസ്ഥ പുതിയ ഉത്തരവിൽ നീക്കം ചെയ്തത് ശരിയാണ്. എന്നാൽ തദ്ദേശസ്വംയംഭരണസ്ഥാപനങ്ങളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ചുകൊണ്ട് കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം സ.ഉ.( സാധാ) നമ്പർ 475/2015 തസ്വഭവ. തീ.16.2.2015 ഉത്തരവുപ്രകാരം സ്കൂട്ടർ വിത്ത് സൈഡ് വീൽ എന്ന പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്.

? തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനു സാധാരണ ബൾബും സി.എഫ്.എൽ ലാമ്പും ഒക്കെയാണ് ഉപയോഗിക്കുന്നത്. എന്നാൽ പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയിൽ എൽ.ഇ.ഡി ലാമ്പുകൾ മാത്രമേ ഉപയോഗിക്കാവൂ എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതു തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു വളരെയധികം സാമ്പത്തിക ഭാരം അടിച്ചേൽപ്പിക്കുന്നു.അതിനൊരു പരിഹാരം പറഞ്ഞുതരണം.

● സർക്കാരിന്റെ 16.2.2015 ലെ സ.ഉ.(സാധാ) നമ്പർ 476/ 2015 തസ്വഭവ ഉത്തരവു പ്രകാരം എൽ.ഇ.ഡി ലാമ്പുകൾ മാത്രം എന്ന പരാമർശം ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ എൽ.ഇ.ഡി ലാമ്പുകളും മറ്റു ലാമ്പുകളും ഒരുപോലെ ഉപയോഗിക്കാവുന്നതാണ്.

? പാലിയേററീവ് കെയർ നഴ്സുമാരുടെ വേതനം അവധി എന്നിവ സംബന്ധിച്ച് വ്യവസ്ഥകൾ പറയാമോ?

● ഗ്രാമപഞ്ചായത്തുകളിൽ പാലിയേററീവ് കെയർ മേഖലയിൽ നഴ്സുമാരായി സേവനമനുഷ്ഠിക്കുന്നവർക്കു ഇപ്പോൾ 6,000/- രൂപയാണ് പ്രതിമാസ ഓണറേറിയം. അതു 1.6.2014 മുതൽ 10,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. പ്ലാൻഫണ്ടിൽ നിന്നോ തനതു ഫണ്ടിൽ നിന്നോ ഈ പണം വിനിയോഗിക്കാം. പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങിയാണ് ഓണറേറിയം നൽകേണ്ടത്. പാലിയേറ്റീവ് കെയർ നഴ്സുമാർക്കു മൂന്നു മാസത്തെ പ്രസവാവധിയും അനുവദിക്കാവുന്നതാണ്. ഭാവിയിൽ നിയമിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സുമാർ നിശ്ചിത

## ചോദ്യങ്ങൾക്ക് മറുപടി

**പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ്ഡെസ്ക്. ഫോൺ നമ്പർ-0487 2204097**

യോഗ്യതയുള്ളവരും ആ മേഖലയിൽ വൈദഗ്ദ്ധ്യമുള്ളവരും അതതു പഞ്ചായത്തകളിൽനിന്നുള്ളവരുമാകാൻ ശ്രദ്ധിക്കേണ്ടതാണ്.(സ.ഉ.(ആർ.ടി) 526/2015 തസ്വഭവ. തീയതി. 21.2.2015)

? പട്ടികജാതി വനിതകൾക്കു വിവാഹധനസഹായം നൽകുന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. എന്നാൽ ഒരു കുടുംബത്തിൽ രണ്ടു പെൺകുട്ടികളെ ഒരു വർഷം വിവാഹം ചെയ്തയക്കുന്നു. അപ്പോൾ രണ്ടുപേർക്കു വിവാഹധന സഹായം നൽകാമോ?

● നൽകാം. വിവാഹധനസഹായം ഒരു പെൺകുട്ടിക്കാണ് അർഹതയുണ്ടെങ്കിൽ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റുപ്രകാരം രണ്ടുപേർക്കും ആനുകൂല്യം നൽകാവുന്നതാണ്.

? സ്വച്ച് ഭാരത് മിഷൻ പദ്ധതിയുടെ ഭാഗമായി ഗാർഹിക കക്കൂസുകൾ നൽകുന്നതിനു ഗുണഭോക്താക്കൾക്കു എത്ര തുക നൽകാം?

● സ്വച്ച് ഭാരത് മിഷൻ അഭിയാൻ പദ്ധതിയുടെ ഭാഗമായി ജനസംഭരണസംവിധാനത്തോടുകൂടിയ കക്കൂസുകൾ നൽകുന്നതിനു15,400/- രൂപ താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി നൽകാം. കക്കൂസിന്റെ ഇരട്ടക്കുഴി(സെപ്റ്റിക്ക് ടാങ്ക്), കക്കൂസ് മുറി, വെള്ളം കരുതുന്നതിനുള്ള തൊട്ടി,(വാട്ടർ കണക്ഷൻ) ഫ്ളഷ് സൗകര്യം, കൈകഴുകാനും സോപ്പുവയ്ക്കാനുമുള്ള സൗകര്യം, സോക്ക്പിറ്റ്, കംമ്പോസ്ററ് പിറ്റ് എന്നിവ എല്ലാം ചേർന്നതായിരിക്കണം കക്കൂസ്. ഇതിൽ സ്വച്ച് ഭാരത് മിഷൻ വിഹിതമായി 12,000/- രൂപയും പഞ്ചായത്തിൽനിന്നുള്ള വിഹിതമായി 3,400/- രൂപയും ചേർത്താണ് 15,000/- രൂപ നൽകേണ്ടത്.(സ.ഉ.(സാധ) നമ്പർ 3507/2014.തസ്വഭവ. തീ.31.12.2014)

? പഞ്ചായത്തിലെ ഇലക്ട്രിഫിക്കേഷൻ ജോലികൾക്കു പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിൽനിന്നും എസ്റ്റിമേറ്റ് തയ്യാറാക്കി കിട്ടുന്നതിനു വളരെയധികം കാലതാമസം നേരിടുന്നു. പകരം സംവിധാനം വല്ലതും ഏർപ്പെടുത്താൻ പറ്റുമോ?

● പത്തുലക്ഷം രൂപവരെ അടങ്കൽ വരുന്ന ഇലക്ട്രിഫിക്കേഷൻ ജോലികൾക്കു എസ്റ്റിമേറ്റ് തയ്യാറാക്കാനും മേൽനോട്ടം വഹിക്കാനും ഇലക്ട്രിക്കൽ എഞ്ചിനിയറിംഗ് ബിരുദധാരികളേയും സർവീസിൽനിന്നു വിരമിച്ച എക്സി.എഞ്ചിനിയർമാർ, അസി.എക്സി.എഞ്ചിനിയർമാർ,സബ് എഞ്ചിനിയർമാർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതും ഇതിനു ഇവർക്കു എസ്റ്റിമേറ്റ് തുകയുടെ 15 ശതമാനം (പരമാവധി10,000/-രൂപ) എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അനുവദിക്കാവുന്നതാണ്. (സ.ഉ.(സാധാ) 3033/2014 തസ്വഭവ തീയതി. 21.2014

? എൽ.എസ്.ജി.ഡി എഞ്ചിനിയറുടെ ഓഫിസ് ഡ്യൂട്ടി വിവരങ്ങൾ പഞ്ചായത്തിനെ അറിയിക്കേണ്ടതല്ലേ?

● ഓവർസിയർ/അസി.എഞ്ചിനിയർ/അസി.എക്സി.എഞ്ചിനിയർ/എക്സി.എഞ്ചിനിയർ സൂപ്രണ്ടിംഗ് എഞ്ചിനിയർ എന്നിവരുടെ ഫീൽഡ് ഡ്യൂട്ടി വിവരങ്ങൾ ഓരോ ദിവസവും രാവിലെ ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനത്തിന്റെ അദ്ധ്യക്ഷനെ അറിയിക്കേണ്ടതും അതു പൊതുജനങ്ങളുടെ അറിവിനായി നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുവാൻ അദ്ധ്യക്ഷൻ നടപടിയെടുക്കേണ്ടതുമാണ്.(ഗവ.സർക്കുലർ57898/ഇ.ഡബ്ല്യു 2/ എൽ.എസ്.ജി.ഡി.തീയതി.15.12.2012)



പദ്ധതിപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കിലയിൽ ചേർന്ന പഞ്ചായത്ത് പ്രസിഡന്റുമാരുടേയും സെക്രട്ടറിമാരുടേയും അവലോകനയോഗത്തിൽ സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ **എസ്.ദിവാകരൻ പിള്ള** സംസാരിക്കുന്നു

## പദ്ധതിപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കും

**പോരായ്മകൾ** പരിഹരിച്ച് പദ്ധതിപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കിലയിൽ ചേർന്ന അഞ്ചു ജില്ലകളിൽനിന്നുള്ള ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടേയും സെക്രട്ടറിമാരുടേയും അവലോകനയോഗം തീരുമാനിച്ചു. ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ പദ്ധതിപ്രവർത്തനങ്ങളിൽ താരതമ്യേന പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിൽനിന്നുള്ളവരാണ് യോഗത്തിൽ പങ്കെടുത്തത്. പ്രസ്തുത പഞ്ചായത്തുകളുടെ പ്രവർത്തനം പഠിക്കാനും അതിനു പരിഹാരം കാണാനുമുള്ള ലക്ഷ്യത്തോടെയായിരുന്നു അവലോകനയോഗം. പഞ്ചായത്ത് ഡയറക്ടർ എ.സെയ്ത്, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ എസ്.ദിവാകരൻ പിള്ള, ഇൻഫർമേഷൻ കേരളാ മിഷൻ (ഐ.കെ.എം) ഡയറക്ടർ സുരേഷ്കുമാർ, കില ഡയറക്ടർ ഡോ.പി.പി.ബാലൻ, തദ്ദേശഭരണവകുപ്പു ചീഫ് എഞ്ചിനിയർ പി.ആർ. സജികുമാർ എന്നിവർ സംസാരിച്ചു. അഞ്ചു ജില്ലകളിൽനിന്നുള്ള പഞ്ചായത്ത് അസോസിയേഷൻ ഭാരവാഹികൾ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ, വിവിധ വകുപ്പുമേധാവികൾ എന്നിവർ പങ്കെടുത്തു.




കോളേജ് യൂണിയൻ ഭാരവാഹികൾക്കു കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടി കണ്ണൂർ സർവകലാശാല വൈസ് ചാൻസലർ **ഖാദർ മങ്ങാട്** ഉദ്ഘാടനം ചെയ്യുന്നു

## കോളേജ് യൂണിയൻ ഭാരവാഹികൾക്ക് കിലയിൽ പരിശീലനം തുടങ്ങി

**യുവജനങ്ങളെ** പഞ്ചായത്ത് രാജ് സംവിധാനത്തെക്കുറിച്ച് ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി കോളേജ് യൂണിയൻ ഭാരവാഹികൾക്കു കില പരിശീലനം തുടങ്ങി. നേരത്തെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും പ്ലസ്-ടു വിദ്യാർത്ഥികൾക്കും നൽകിയ പരിശീലനപരിപാടിയുടെ തുടർച്ചയാണിത്. കണ്ണൂർ സർവകലാശാലയിൽനിന്നുള്ള കോളേജ് യൂണിയൻ ഭാരവാഹികൾ പങ്കെടുത്ത ദ്വിദിന പരിശീലന പരിപാടി . കണ്ണൂർ സർവകലാശാല വൈസ് ചാൻസലർ ഖാദർ മങ്ങാട് ഉദ്ഘാടനം ചെയ്തു. കേരളമുൾപ്പെടെ പല സംസ്ഥാനങ്ങളിലും അരാഷ്ട്രീയവാദം വേഗത്തിൽ വേരുപിടിച്ചുവരികയാണെന്ന് ഉദ്ഘാടപ്രസംഗത്തിൽ ഖാദർ മങ്ങാട് പറഞ്ഞു.കില ഡയറക്ടർ ഡോ.പി.പി. ബാലൻ അദ്ധ്യക്ഷത വഹിച്ചു. കോഴ്സ് ഡയറക്ടർ ഡോ.പീറ്റർ എം. രാജ് ആമുഖപ്രഭാഷണം നടത്തി. സംസ്ഥാന ആസൂത്രണബോർഡ് അംഗം സി.പി.ജോൺ, അലക്സാണ്ടർ ജേക്കബ്ബ് ഐ.പി.എസ്, ആകാശവാണി കണ്ണൂർ നിലയം പ്രോഗ്രാം മേധാവി കെ.ബാലചന്ദ്രൻ, കില അസി.പ്രൊഫ.ഡോ.ജെ.ബി.രാജൻ,കോർഡിനേറ്റർ റിയാസ്മോൻ എന്നിവർ സംസാരിച്ചു. ഗ്രാമസഭ, സേവാഗ്രാം, പദ്ധതി ആസൂത്രണം, വിവരാവകാശനിയമം തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കി വിദഗ്ദ്ധർ ക്ലാസ്സെടുത്തു.




കിലയിലെത്തിയ നേപ്പാളിൽനിന്നുള്ള യൂണിസെഫ് പ്രതിനിധിസംഘത്തെ സ്വാഗതം ചെയ്ത് കില ഡയറക്ടർ ഡോ.**പി.പി.ബാലൻ** സംസാരിക്കുന്നു

# ശിശുസൗഹൃദം പഠിക്കാൻ നേപ്പാളിലെ യൂണിസെഫ് സംഘം കിലയിൽ

**കേ**രളത്തിലെ ശിശുസൗഹൃദ പഞ്ചായത്തകളെക്കുറിച്ച് പഠിക്കുന്നതിനു നേപ്പാളിൽനിന്നുള്ള യൂണിസെഫ് സംഘം കിലയിലെത്തി. യൂണിസെഫ് നേപ്പാൾ മേധാവി അഞ്ജലി പ്രധാനിന്റെ നേതൃത്വത്തിലുള്ള പതിനെട്ടംഗ സംഘത്തിൽ നേപ്പാൾ ഗ്രാമവികസനവകുപ്പു പ്രോഗ്രാം മാനേജർ പുരുഷോത്തമം ആചാര്യ, ആരോഗ്യവകുപ്പു മന്ത്രാലയത്തിലെ പുരുഷോത്തമം നേപ്പാൾ തദ്ദേശഭരണ മന്ത്രാലയത്തിലെ മരിയ കാഡൽ തുടങ്ങിയ ഉദ്യോഗസ്ഥ പ്രമുഖരുമുണ്ട്.

കിലയിലെത്തിയ സംഘത്തെ കില ഡയറകട്ർ ഡോ. പി.പി.ബാലൻ, യൂണിസെഫ് ചെന്നൈ യൂണിറ്റിലെ ഡോ. അഖില രാധാകൃഷ്ണൻ തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു. കേരളത്തിലെ പഞ്ചായത്ത് രാജ് സംവിധാനത്തെക്കുറിച്ചും ശിശുസൗഹൃദ പഞ്ചായത്തുകളെപ്പറ്റിയും കിലയിലെ ചൈൽഡ് റിസോഴ്സ് സെന്ററിനെ സംബന്ധിച്ചും ഡോ. ബാലൻ വിശദീകരിച്ചു. ഇന്ത്യയിലെ യൂണിസെഫ് ഗവേണൻസ് ഡിവിഷൻ ഹെഡ് തേജിന്തർ സന്ധു ഐ.എ.എസ്, കോർഡിനേറ്റർ പ്രൊഫ.ടി.രാഘവൻ, കില ചൈൽഡ് റിസോഴ്സ് സെന്ററിലെ ഡോ.പീറ്റർ എം.രാജ്, എന്നിവർ സംസാരിച്ചു. ശിശുവികസനത്തിൽ കുടുംബശ്രീയുടെ പങ്കിനെക്കുറിച്ച് എറണാകുളം ജില്ലാ മിഷൻ കോർഡിനേറ്റർ, ടാനി തോമസും ശിശുവികസനത്തിൽ പ്രാദേശികസർക്കാരുകളുടെ പങ്കിനെക്കുറിച്ച് എം.ജി. കാളിദാസനും ക്ലാസ്സെടുത്തു.

മുണ്ടത്തിക്കോട്, അടാട്ട്, ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തുകൾ സന്ദർശിച്ച് അവിടങ്ങളിലെ ശിശുസൗഹൃദ പ്രവർത്തനങ്ങൾ സംഘം നേരിട്ട് നിരീക്ഷിച്ചു. സംസ്ഥാന സാമൂഹ്യ സുരക്ഷാമിഷൻ, സ്റ്റുഡൻസ് കാഡറ്റ് പൊലിസ്, കേരള ചൈൽഡ് റൈറ്റസ് ഒബസർവേറ്ററി(കെ.സി.ആർ.ഒ) എന്നീ കേന്ദ്രങ്ങളും സംഘം സന്ദർശിച്ചു. അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിലേയും മാള ഗ്രാമപഞ്ചായത്തിലേയും നിലമ്പൂർ നഗരസഭയിലേയും ശിശുക്ഷേമ പ്രവർത്തനങ്ങൾ, കോട്ടയം ജില്ലാപഞ്ചായത്തിന്റെ മാനസികാരോഗ്യപരിപാടികൾ എന്നിവയെക്കുറിച്ച് അതതിടങ്ങളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും വിശദീകരിക്കുകയുണ്ടായി. മുവാറ്റുപുഴ അസംബ്ലി നിയോജക മണ്ഡലത്തിലെ ശിശുക്ഷേമപ്രവർത്തനങ്ങളെക്കുറിച്ചും സംഘം വിലയിരുത്തി.

## ഗ്രാമകേന്ദ്രം: ആര്യങ്കോടിനു ഒന്നാംസ്ഥാനം; മുണ്ടത്തിക്കോടിനു രണ്ടാംസ്ഥാനം

സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലും സേവാഗ്രാം ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിച്ച് മാതൃകാപ്രവർത്തനം നടത്തുന്ന ബഹുമതിക്ക് തിരുവനന്തപുരം ജില്ലയിലെ ആര്യങ്കോട് ഗ്രാമപഞ്ചായത്ത് ഒന്നാം സ്ഥാനത്തിനും തൃശ്ശൂർ ജില്ലയിലെ മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്ത് രണ്ടാംസ്ഥാനത്തിനും അർഹമായി. പ്രസ്തുത പഞ്ചായത്തുകൾക്ക് കിലയടെ ട്രോഫിയും സർട്ടിഫിക്കറ്റും ക്യാഷ് അവാർഡും പാലക്കാട് നടന്ന പഞ്ചായത്ത് ദിനാഘോഷവേളയിൽ പഞ്ചായത്ത് സാമൂഹ്യക്ഷേമവകുപ്പുമന്ത്രി ഡോ. എം.കെ.മുനീർ വിതരണം ചെയ്തു.

## റിട്ടേണിംഗ് ഓഫീസർമാർക്കുള്ള പരിശീലനപരിപാടി പൂർത്തിയായി

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് റിട്ടേണിംഗ് ഓഫീസർമാർക്കും അസി.റിട്ടേണിംഗ് ഓഫിസർമാർക്കുമുള്ള കിലയിലെ പരിശീലനപരിപാടി പൂർത്തിയായി. കിലയും സംസ്ഥാന തെരഞ്ഞെടുപ്പുകമ്മീഷനും സംയുക്തമായി സംഘടിപ്പിച്ച പരിശീലനത്തിൽ 39 ബാച്ചുകളിലായി 3000 പേർ പങ്കെടുത്തു. അവസാനബാച്ചിന്റെ ഉദ്ഘാടനം സംസ്ഥാന തെരഞ്ഞെടുപ്പുകമ്മീഷ്ണർ കെ.ശശിധരൻ നായർ നിർവഹിച്ചു. കോഴ്സ് ഡയറക്ടർ ഡോ.പീറ്റർ എം.രാജ്, അസി.പ്രൊഫ.ഇംതിയാസ് അലി എന്നിവർ സംസാരിച്ചു. തെരഞ്ഞെടുപ്പുകമ്മീഷന്റെ ജോ.സെക്രട്ടറിമാരായ ഈപ്പൻ ഫ്രാൻസിസ്, രാധാകൃഷ്ണക്കുറുപ്പ്, സെക്രട്ടറി കെ.ടി. ജോർജ്, അഡ്വ.മുരളി പുരുഷോത്തമൻ തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു. ആദ്യഘട്ടത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർ, സെക്രട്ടറിമാർ, ഇലക്ഷൻ ക്ലാർക്കുമാർ എന്നിവർക്കും രണ്ടാംഘട്ടത്തിൽ കോർപ്പറേഷനുകളിലേയും നഗരസഭകളിലേയും അദ്ധ്യക്ഷന്മാർ, സെക്രട്ടറിമാർ, ക്ലാർക്കുമാർ എന്നിവർക്കും പരിശീലനം നൽകിയിരുന്നു.


**KILA News letter** Published By Dr. P. P. Balan, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581
(for private circulation only)